**HADIA CSE Khutba Notes (12.07.2019)**
**സമസ്ത കേരള ജംഇയ്യത്തുൽഖുത്വബാ അംഗീകരിച്ചത്**

# പ്രാർത്ഥന അവസാനിക്കാതിരിക്കട്ടെ

രണ്ട് മൂന്നു മാസത്തെ കടുത്ത വരൾച്ചക്ക് ശേഷം –അൽഹംദു ലില്ലാഹ്– ഇപ്പോൾ നമുക്ക് അത്യാവശ്യത്തിന് മഴ ലഭിച്ചുകൊണ്ടിരിക്കുകയാണ്. വരണ്ടു കിടന്നിരുന്ന പുഴകളും പാടങ്ങളും കിണറുകളും പതുക്കെ പതുക്കെ നിറഞ്ഞു തുടങ്ങി. പക്ഷേ, ഇതിലൂടെ ഇനി സംഭവിക്കാൻ പോകുന്നതെന്താണെന്നോ? ഇത്രയും നാൾ നാം അല്ലാഹുവിന്റെ മുമ്പിൽ നടത്തിയ പ്രത്യേക പ്രാർഥനകൾ, സമർപിച്ച ആവലാതികൾ, പ്രകടിപ്പിച്ച ഭക്ത്യാദരങ്ങൾ –എല്ലാം വൈകാതെ അവസാനിച്ച് തുടങ്ങും. ഇനി ഇതുപോലെ നാം ഒറ്റക്കും സംഘമായും സർവലോക രക്ഷിതാവിന്റെ മുമ്പിൽ മനസ്സ് തുറക്കുന്നത് മിക്കവാറും അടുത്ത വരൾച്ചയുടെ കാലത്തായിരിക്കും.

ഇത് കേവലം വരൾച്ചയുടെയോ മഴയുടെയോ കാര്യം മാത്രമല്ല. മറ്റ് ഏത് പ്രതിസന്ധി എടുത്താലും നാം അങ്ങനെയാണ്. അത് വരുമ്പോൾ നാം സർവശക്തിയുമെടുത്ത് പ്രാർത്ഥിക്കും. പ്രസ്തുത പ്രയാസം ദൂരീകരിക്കപ്പെട്ടാൽ അല്ലാഹുവിനെ മറക്കുകയും ചെയ്യും. യഥാർഥത്തിൽ ഇത് സത്യനിഷേധികളുടെ സ്വഭാവമാണെന്ന് ഖുർആൻ നിരവധി ആയത്തുകളിലൂടെ നമ്മെ പഠിപ്പിക്കുന്നു.

**هُوَ الَّذِي خَلَقَكُمْ مِنْ نَفْسٍ وَاحِدَةٍ وَجَعَلَ مِنْهَا زَوْجَهَا لِيَسْكُنَ إِلَيْهَا فَلَمَّا تَغَشَّاهَا حَمَلَتْ حَمْلًا خَفِيفًا فَمَرَّتْ بِهِ فَلَمَّا أَثْقَلَتْ دَعَوَا اللَّهَ رَبَّهُمَا لَئِنْ آتَيْتَنَا صَالِحًا لَنَكُونَنَّ مِنَ الشَّاكِرِينَ فَلَمَّا آتَاهُمَا صَالِحًا جَعَلَا لَهُ شُرَكَاءَ فِيمَا آتَاهُمَا فَتَعَالَى اللَّهُ عَمَّا يُشْرِكُونَ (الاعراف)**

**فَإِذَا رَكِبُوا فِي الْفُلْكِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ إِذَا هُمْ يُشْرِكُونَ (العنكبوت)**

**وَإِذَا مَسَّ النَّاسَ ضُرٌّ دَعَوْا رَبَّهُمْ مُنِيبِينَ إِلَيْهِ ثُمَّ إِذَا أَذَاقَهُمْ مِنْهُ رَحْمَةً إِذَا فَرِيقٌ مِنْهُمْ بِرَبِّهِمْ يُشْرِكُونَ (الروم)**

**وَإِذَا غَشِيَهُمْ مَوْجٌ كَالظُّلَلِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ فَمِنْهُمْ مُقْتَصِدٌ وَمَا يَجْحَدُ بِآيَاتِنَا إِلَّا كُلُّ خَتَّارٍ كَفُورٍ (لقمان)**

കഴിഞ്ഞ കാലത്തെ ധിക്കാരികളായ ഓരോ സമുദായത്തിന്റെ ചരിത്രം എടുത്ത് പരിശോധിച്ചാലും നമുക്ക് ഇക്കാര്യം വളരെ വ്യക്തമാകുന്നതാണ്.

ഉദാഹരണത്തിന് ഖിബ്തികളെ അല്ലാഹു പ്രളയം, വെട്ടുകിളി, പേൻ, തവള, രക്തം തുടങ്ങിയവ കൊണ്ട് പരീക്ഷിച്ചപ്പോഴെല്ലാം അവർ മൂസാ (അ)ന്റെ അടുത്ത് ഓടിവരികയും പ്രാർത്ഥിപ്പിക്കുകയും പിന്നെ അല്ലാഹുവിനെ നിഷേധിക്കുകയും ചെയ്തു. അവരുടെ നേതാവ് ഫിർഔനും ഇ പ്രകാരമായിരുന്നു. അതുകൊണ്ട് മരണ നേരത്ത് അദ്ദേഹത്തോട് പറയപ്പെട്ടു.

**وَجَاوَزْنَا بِبَنِي إِسْرَائِيلَ الْبَحْرَ فَأَتْبَعَهُمْ فِرْعَوْنُ وَجُنُودُهُ بَغْيًا وَعَدْوًا حَتَّى إِذَا أَدْرَكَهُ الْغَرَقُ قَالَ آمَنْتُ أَنَّهُ لَا إِلَهَ إِلَّا الَّذِي آمَنَتْ بِهِ بَنُو إِسْرَائِيلَ وَأَنَا مِنَ الْمُسْلِمِينَ آلْآنَ وَقَدْ عَصَيْتَ قَبْلُ وَكُنْتَ مِنَ الْمُفْسِدِينَ (يونس)**

എത്രയോ നിരീശ്വരവാദികൾ ഇതുപോലെ സന്നിഗ്ദഘട്ടങ്ങളിൽ ദൈവത്തെ വിളിച്ചിട്ടുണ്ട് (100 കഴിഞ്ഞ ഗൗരിയമ്മയുടെ സമീപകാലത്തെ പ്രസ്താവന –ഇനി ഞാൻ ദൈവത്തെ വിളിക്കട്ടെ– ഓർക്കുക).

**HADIA CSE Khutba Notes (12.07.2019)**
**സമസ്ത കേരള ജംഇയ്യത്തുൽഖുത്വബാ അംഗീകരിച്ചത്**

# പ്രാർത്ഥന അവസാനിക്കാതിരിക്കട്ടെ

ചുരുക്കത്തിൽ ദൈവവിരോധികളുടെ സ്വഭാവമാണ് സന്നഗ്ദഘട്ടങ്ങളിൽ മാത്രം അല്ലാഹുവിനെ വിളിക്കുക എന്നത്. അതോടൊപ്പം വിശ്വാസികളാണെങ്കിലും അവിശ്വാസികളാണെങ്കിലും മനുഷ്യരിൽ പൊതുവെ ഈ ദുഃസ്വഭാവം ഉണ്ടെന്ന് ഖുർആൻ പറയുന്നു.

**وَإِذَا مَسَّ الْإِنْسَانَ الضُّرُّ دَعَانَا لِجَنْبِهِ أَوْ قَاعِدًا أَوْ قَائِمًا فَلَمَّا كَشَفْنَا عَنْهُ ضُرَّهُ مَرَّ كَأَنْ لَمْ يَدْعُنَا إِلَى ضُرٍّ مَسَّهُ كَذَلِكَ زُيِّنَ لِلْمُسْرِفِينَ مَا كَانُوا يَعْمَلُونَ (يونس)**

**وَإِذَا مَسَّكُمُ الضُّرُّ فِي الْبَحْرِ ضَلَّ مَنْ تَدْعُونَ إِلَّا إِيَّاهُ فَلَمَّا نَجَّاكُمْ إِلَى الْبَرِّ أَعْرَضْتُمْ وَكَانَ الْإِنْسَانُ كَفُورًا (الاسراء)**

ഇക്കൂട്ടത്തിൽ ഒരിക്കലും നാം പെട്ടുപോകരുത്. അതിന് സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും നാളുകളിൽ നാം കൂടുതൽ അല്ലാഹുവിനെ ഓർക്കുന്നവരാവുക. എന്നാൽ, പ്രയാസങ്ങൾ വരുമ്പോൾ പ്രാർഥിച്ചില്ലെങ്കിലും അവൻ നമ്മെ ഓർക്കുന്നതാണ്.

**عَنِ ابْنِ عَبَّاسٍ وَلَا أَحْفَظُ حَدِيثَ بَعْضِهِمْ عَنْ بَعْضٍ أَنَّهُ قَالَ كُنْتُ رَدِيفَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ يَا غُلَامُ أَوْ يَا غُلَيِّمُ أَلَا أُعَلِّمُكَ كَلِمَاتٍ يَنْفَعُكَ اللَّهُ بِهِنَّ فَقُلْتُ بَلَى فَقَالَ احْفَظْ اللَّهَ يَحْفَظْكَ احْفَظْ اللَّهَ تَجِدْهُ أَمَامَكَ تَعَرَّفْ إِلَيْهِ فِي الرَّخَاءِ يَعْرِفْكَ فِي الشِّدَّةِ ... (احمد)**

**أبو هريرة - رضي الله عنه - : أنَّ رسولَ الله -صلى الله عليه وسلم- قال : «مَن سَرَّهُ أنْ يَسْتَجِيبَ اللهُ له عند الشَّدَائِدِ والْكُرَبِ فَلْيُكْثِرِ الدُّعَاءَ في الرَّخَاءِ» (ترمذي)**

മത്സ്യത്തിന്റെ വയറ്റത്ത് പെട്ടുപോയപ്പോൾ യൂനുസ് (അ)മിന് അല്ലാഹു ഉത്തരം നൽകാൻ കാരണം എന്തായിരുന്നു? ഖുർആൻ പറയുന്നു:

**فَلَوْلَا أَنَّهُ كَانَ مِنَ الْمُسَبِّحِينَ لَلَبِثَ فِي بَطْنِهِ إِلَى يَوْمِ يُبْعَثُونَ (صافات) قال ابن عبَّاس وغَيْره : صَلاَتُهُ في وَقْتِ الرِّخَاءِ نَفَعَتْهُ في وَقْتِ الشِّدَّةِ؛ وقال هذا جماعةٌ من العلماءِ ، وقال الضَّحَّاك بن قَيْسٍ على مِنْبَرِهِ : اذْكُرُوا اللَّه؛ عباد اللَّه؛ في الرَّخَاءِ يَذْكُرْكُمْ في الشِّدَّةِ ، إن يُونُسَ كانَ عَبْداً للَّهِ ذَاكِراً له ، فَلَمَّا أصابَتْهُ الشِّدَّةُ نَفَعُه ذلك ، قالَ اللَّهُ عزَّ وجلَّ : { فَلَوْلاَ أَنَّهُ كَانَ مِنَ المسبحين * لَلَبِثَ فِى بَطْنِهِ إلى يَوْمِ يُبْعَثُونَ } ، وإن فرعونَ كانَ طَاغِياً بَاغِياً فَلَمَّا أَدْرَكَهُ الغَرَقُ ، قَالَ : آمَنْتُ ، فَلَمْ يَنْفَعْهُ ذلكَ ، فاذكروا اللَّهَ في الرَّخَاءِ يَذْكُرْكُمْ في الشِّدَّةِ (تفسير الثعالبي)**

യൂനുസ് നബി (അ) അല്ലാഹുവിനോട് ദുആ ചെയ്തപ്പോൾ മലക്കുകൾ പറഞ്ഞത്രേ: ഇത് നമുക്ക് പരിചയമുള്ള ശബ്ദമാണല്ലോ?!

**وخرج ابن أبي حاتم وغيره من رواية أبي يزيد الرقاشي عن أنس يرفعه أن يونس عليه الصلاة و السلام لما دعا في بطن الحوت قالت الملائكة يا رب هذا صوت معروف من بلاد غريبة فقال الله عز و جل أما تعرفون ذلك قالوا ومن هو قال عبدي يونس قالوا عبدك يونس الذي لم يزل يرفع له**

**HADIA CSE Khutba Notes (12.07.2019)**
**സമസ്ത കേരള ജംഇയ്യത്തുൽഖുത്വബാ അംഗീകരിച്ചത്**

## പ്രാർത്ഥന അവസാനിക്കാതിരിക്കട്ടെ

**عمل متقبل ودعوة مستجابة قال نعم قالوا يا رب أفلا ترحم ما كان يصنع في الرخاء فتنجيه من البلاء قال بلى قال فأمر الله الحوت فطرحه بالعراء.**

അതുകൊണ്ട് നമ്മുടെ ശബ്ദവും അല്ലാഹുവിന് നേരത്തെ പരിചയമുള്ളതായിരിക്കണം. അതിന് നാം എപ്പോഴും പ്രാർഥിക്കുന്നവരാവുക. പ്രാർഥനക്ക് നിരവധി മര്യാദകളുണ്ടല്ലോ. അവയിലെ ഒന്ന് മഹാനായ ഇമാം ബൈഹഖി (റ) പറയുന്നു:

**و منها : المحافظة على الدعاء في الرخاء دون تخصيص حال الشدة و البلاء (شعب الايمان)**

മഹാനായ സൽമാനുൽഫാരിസി (റ) പറയാറുണ്ട്:

**قال سلمان الفارسي إذا كان الرجل دعا في السر فنزلت به ضراء فدعا الله تعالى قالت الملائكة صوت معروف فشفعوا له وإذا كان ليس بدعاء في السراء فنزلت به ضراء فدعا الله تعالى قالت الملائكة صوت ليس بمعروف فلا يشفعون له (جامع العلوم و الحكم)**

അതുപോലെ മഹാനായ അബുദ്ദർദാഅ് (റ):

**قال رجل لأبي الدرداء: " أوصِني، فقال: اذكر الله في السرَّاء يذكرك الله عزَّ وجلَّ في الضرَّاء" (حلية الاولياء)**
**وعنه رضي الله عنه أنَّه قال: " ادع الله في يوم سرَّائك لعلَّه أن يستجيب لك في يوم ضرَّائك.**

ഇങ്ങനെ നാമും അല്ലാഹുവും പരസ്പരം സുപരിചിതമാവുന്ന അവസ്ഥയുണ്ടല്ലോ, അതിനാണ് മഅ്രിഫത്ത് എന്ന് പറയുന്നത്. നാം നേരത്തെ സൂചിപ്പിച്ച ഹദീസിനെ ഇബ്നു റജബ് (റ) വ്യാഖ്യാനിക്കുന്നു:

**قال ابن رجب رحمه الله في جزء له أفرده في شرح هذا الحديث: " المعنى أنَّ العبدَ إذا اتقى الله وحفظ حدودَه وراعى حقوقه في حال رخائه وصحته، فقد تعرَّف بذلك إلى الله، وكان بينه وبينه معرفة، فعرفه ربُّه في الشدَّة، وعرف له عملَه في الرخاء، فنجَّاه من الشدائد بتلك المعرفة ... وهذا التعرُّفُ الخاص هو المشار إليه في الحديث الإلَهي "**

ഒരിക്കൽ മഅ്റൂഫുൽ കർഖി (റ)വിനോട് ഒരാൾ നരകത്തെയും മഹ്ശറിനെയും ഖബ്റിനെയും കുറിച്ച് പറഞ്ഞുവത്രേ. ഉടനെ അദ്ദേഹം പ്രതികരിച്ചു:

**فقال معروف إن مُلكَ هذا كلَه بيده إن كانت بينك وبينه معرفة كفاك جميع هذا.**

ചുരുക്കത്തിൽ ഇപ്പോഴേ അല്ലാഹുവുമായി ഒരു പരിചയം (മഅ്രിഫത്ത്) ഉണ്ടാക്കിവക്കാൻ നാം ശ്രമിക്കുക.

**HADIA CSE Khutba Notes (12.07.2019)**
**സമസ്ത കേരള ജംഇയ്യത്തുൽഖുത്വബാ അംഗീകരിച്ചത്**

# പ്രാർത്ഥന അവസാനിക്കാതിരിക്കട്ടെ


Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: 9496445823**